കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം -695033

നമ്പർ:B2/20/2026-SEC തീയതി: 18-07-2026

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

**ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ & ജില്ലാ കളക്ടർ**,
തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം,
തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ്.
**ഡെപ്യൂട്ടി കളക്ടർ ജനറൽ** & **എഡിഎം**, തിരുവനന്തപുരം, പാലക്കാട്, കോട്ടയം
**ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ & അഡീഷണൽ സെക്രട്ടറി**
സി 03 കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ (എറണാകുളം)
സി 05 കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ (കോഴിക്കോട്)

**ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ & സെക്രട്ടറി**
ജി 61 അഞ്ചുതെങ്ങ് ഗ്രാമ പഞ്ചായത്ത് (തിരുവനന്തപുരം)
(14 അഞ്ചുതെങ്ങ്, ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത്)
ജി 63 ചിറയിൻകീഴ് ഗ്രാമ പഞ്ചായത്ത് (തിരുവനന്തപുരം)
(14 അഞ്ചുതെങ്ങ്, ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത്)
ജി 73 ഒറ്റൂർ ഗ്രാമ പഞ്ചായത്ത് (തിരുവനന്തപുരം)
(07 ഒറ്റൂർ, വർക്കല ബ്ലോക്ക് പഞ്ചായത്ത്)
ജി 29 മംഗലപുരം ഗ്രാമ പഞ്ചായത്ത് (തിരുവനന്തപുരം)
ജി 05 തിരുപുറം ഗ്രാമ പഞ്ചായത്ത് (തിരുവനന്തപുരം)
ജി 45 വാമനപുരം ഗ്രാമ പഞ്ചായത്ത് (തിരുവനന്തപുരം)
(04 കല്ലറ, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്)
ജി 47 നെല്ലനാട് ഗ്രാമ പഞ്ചായത്ത് (തിരുവനന്തപുരം)
(04 കല്ലറ, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്)
ജി 51 കല്ലറ ഗ്രാമ പഞ്ചായത്ത് (തിരുവനന്തപുരം)
(04 കല്ലറ, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്)
ജി 52 പാങ്ങോട് ഗ്രാമ പഞ്ചായത്ത് (തിരുവനന്തപുരം)
(04 കല്ലറ, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്)
ജി 09 കുറ്റൂർ ഗ്രാമ പഞ്ചായത്ത് (പത്തനംതിട്ട)
ജി 06 കുന്നന്താനം ഗ്രാമ പഞ്ചായത്ത് (പത്തനംതിട്ട)
ജി 36 അരുവാപ്പലം ഗ്രാമ പഞ്ചായത്ത് (പത്തനംതിട്ട)
ജി 27 റാന്നി ഗ്രാമ പഞ്ചായത്ത് (പത്തനംതിട്ട)
ജി 50 മീനടം ഗ്രാമ പഞ്ചായത്ത് (കോട്ടയം)
ജി 51 മാടപ്പള്ളി ഗ്രാമ പഞ്ചായത്ത് (കോട്ടയം)
(17 തൃക്കൊടിത്താനം, കോട്ടയം ജില്ലാ പഞ്ചായത്ത്)
ജി 52 പായിപ്പാട് ഗ്രാമ പഞ്ചായത്ത് (കോട്ടയം)
(17 തൃക്കൊടിത്താനം, കോട്ടയം ജില്ലാ പഞ്ചായത്ത്)

ജി 53 തുക്കൊടിത്താനം ഗ്രാമ പഞ്ചായത്ത് (കോട്ടയം)
(17 തൃക്കൊടിത്താനം, കോട്ടയം ജില്ലാ പഞ്ചായത്ത്)
ജി 55 വാഴപ്പള്ളി ഗ്രാമ പഞ്ചായത്ത് (കോട്ടയം)
(17 തൃക്കൊടിത്താനം, കോട്ടയം ജില്ലാ പഞ്ചായത്ത്)
ജി 46 പാമ്പാടി ഗ്രാമപഞ്ചായത്ത് (കോട്ടയം)
ജി 43 മുട്ടം ഗ്രാമപഞ്ചായത്ത് (ഇടുക്കി)
ജി 04 വടക്കേക്കര ഗ്രാമ പഞ്ചായത്ത് (എറണാകുളം)
ജി 48 പൂത്തൃക്ക ഗ്രാമ പഞ്ചായത്ത് (എറണാകുളം)
ജി 73 പാറക്കടവ് ഗ്രാമ പഞ്ചായത്ത് (എറണാകുളം)
ജി 19 വരവൂർ ഗ്രാമ പഞ്ചായത്ത് (തൃശ്ശൂർ)
(13 തളി, വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത്)
ജി 15 എരുമപ്പെട്ടി ഗ്രാമ പഞ്ചായത്ത് (തൃശ്ശൂർ)
(13 തളി, വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത്)
ജി 73 പടിയൂർ ഗ്രാമ പഞ്ചായത്ത് (തൃശ്ശൂർ)
(01 എടത്തിരിഞ്ഞി, വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത്)
ജി 43 തളിക്കുളം ഗ്രാമ പഞ്ചായത്ത് (തൃശ്ശൂർ)
ജി 21 ചേലക്കര ഗ്രാമ പഞ്ചായത്ത് (തൃശ്ശൂർ)
എം 32 ചാലക്കുടി മുനിസിപ്പാലിറ്റി (തൃശ്ശൂർ)
ജി 70 പട്ടഞ്ചേരി ഗ്രാമ പഞ്ചായത്ത് (പാലക്കാട്)
ജി 73 എലവഞ്ചേരി ഗ്രാമ പഞ്ചായത്ത് (പാലക്കാട്)
(17 പല്ലശ്ശന, പാലക്കാട് ജില്ലാ പഞ്ചായത്ത്)
ജി 74 പല്ലശ്ശന ഗ്രാമ പഞ്ചായത്ത് (പാലക്കാട്)
(17 പല്ലശ്ശന, പാലക്കാട് ജില്ലാ പഞ്ചായത്ത്)
ജി 75 മേലാർകോട് ഗ്രാമ പഞ്ചായത്ത് (പാലക്കാട്)
(17 പല്ലശ്ശന, പാലക്കാട് ജില്ലാ പഞ്ചായത്ത്)
ജി 77 വണ്ടാഴി ഗ്രാമ പഞ്ചായത്ത് (പാലക്കാട്)
(17 പല്ലശ്ശന, പാലക്കാട് ജില്ലാ പഞ്ചായത്ത്)
എം 41 ചിറ്റൂർ തത്തമംഗലം മുനിസിപ്പാലിറ്റി (പാലക്കാട്)
ജി 81 പുതുപ്പരിയാരം ഗ്രാമ പഞ്ചായത്ത് (പാലക്കാട്)
(14 ഹേമാംബിക നഗർ, മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത്)
ജി 89 തരൂർ ഗ്രാമ പഞ്ചായത്ത് (പാലക്കാട്)
(02 അത്തിപ്പൊറ്റ, ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത്)
ജി 33 കരിമ്പ ഗ്രാമ പഞ്ചായത്ത് (പാലക്കാട്)
ജി 27 ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്ത് (പാലക്കാട്)
ജി 75 വേങ്ങര ഗ്രാമ പഞ്ചായത്ത് (മലപ്പുറം)
ജി 56 മങ്കട ഗ്രാമ പഞ്ചായത്ത് (മലപ്പുറം)
ജി 95 കാലടി ഗ്രാമ പഞ്ചായത്ത് (മലപ്പുറം)
ജി 69 താനാളൂർ ഗ്രാമ പഞ്ചായത്ത് (മലപ്പുറം)
ജി 47 പെരളശ്ശേരി ഗ്രാമ പഞ്ചായത്ത് (കണ്ണൂർ)
എം 57 മട്ടന്നൂർ മുനിസിപ്പാലിറ്റി (കണ്ണൂർ)
ജി 05 എടവക ഗ്രാമ പഞ്ചായത്ത് (വയനാട്)
(08 പള്ളിക്കൽ, മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്)
ജി 37 പിലിക്കോട് ഗ്രാമ പഞ്ചായത്ത് (കാസർഗോഡ്)

സർ,

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - 2026-ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആകസ്മിക ഒഴിവുകൾ - 01-ാം ഉപതിരഞ്ഞെടുപ്പ് - വോട്ടർപട്ടിക പുതുക്കുന്നത് – സംബന്ധിച്ച്.

സംസ്ഥാനത്തെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളുടെ/ കൗൺസിലർമാരുടെ ആകസ്മിക ഒഴിവുകൾ നികത്തുന്നതിനായി ഉപതിരഞ്ഞെടുപ്പ് നടത്തുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. അതിന് മുന്നോടിയായി ചുവടെ ചേർക്കുന്ന നിയോജക മണ്ഡലങ്ങളിലെ/ വാർഡുകളിലെ വോട്ടർ പട്ടിക പുതുക്കേണ്ടതായിട്ടുണ്ട്.

<u>**പട്ടിക**</u>

| ക്രമ നമ്പർ | ജില്ല | തദ്ദേശ സ്ഥാപനത്തിന്റെ നമ്പരും പേരും | നിയോജക മണ്ഡലത്തിന്റെ/ വാർഡിന്റെ നമ്പരും പേരും | സംവരണം | വോട്ടർ പട്ടിക പുതുക്കേണ്ട വാർഡുകൾ |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | ബി 10 ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് | 14 അഞ്ചുതെങ്ങ് | പട്ടികജാതി | ജി 61 അഞ്ചുതെങ്ങ് ഗ്രാമ പഞ്ചായത്തിലെ 07, 08, 09, 10, 11, 12 എന്നീ വാർഡുകൾ<br><br>ജി 63 ചിറയിൻകീഴ് ഗ്രാമ പഞ്ചായത്തിലെ 14, 15 എന്നീ വാർഡുകൾ |
| 2 | തിരുവനന്തപുരം | ബി 11 വർക്കല ബ്ലോക്ക് പഞ്ചായത്ത് | 07 ഒറ്റൂർ | സ്ത്രീ | ജി 73 ഒറ്റൂർ ഗ്രാമ പഞ്ചായത്തിലെ 01, 02, 03, 04, 05, 06, 07, 08, 10, എന്നീ വാർഡുകൾ |
| 3 | തിരുവനന്തപുരം | ജി 29 മംഗലപുരം ഗ്രാമ പഞ്ചായത്ത് | 16 മുണ്ടക്കൽ | സ്ത്രീ | 16 മുണ്ടക്കൽ |
| 4 | തിരുവനന്തപുരം | ജി 05 തിരുപുറം ഗ്രാമ പഞ്ചായത്ത് | 05 പഴയകട | പട്ടികജാതി | 05 പഴയകട |
| 5 | തിരുവനന്തപുരം | ഡി 01 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് | 04 കല്ലറ | ജനറൽ | ജി 45 വാമനപുരം ഗ്രാമ പഞ്ചായത്തിലെ 01, 02, 03, 04, 05, 06, 07, 08, 09, 10, 11, 12, 13, 14, 15, 16 എന്നീ വാർഡുകൾ<br><br>ജി 47 നെല്ലനാട് ഗ്രാമ പഞ്ചായത്തിലെ 03-ാം വാർഡ്<br><br>ജി 51 കല്ലറ ഗ്രാമ പഞ്ചായത്തിലെ 01, 02, 03, 04, 05, 06, 07, 08, 09, 10, 11, 12, 13, 14, 15, 16, 17, 18 എന്നീ വാർഡുകൾ<br><br>ജി 52 പാങ്ങോട് ഗ്രാമ |

| | | | | | |
|---|---|---|---|---|---|
| | | | | | പഞ്ചായത്തിലെ 01, 02, 03, 04, 05, 06, 07, 08, 09, 10, 11, 12, 13, 14, 15, 16, 17, 18, 19 എന്നീ വാർഡുകൾ |
| 6 | പത്തനംതിട്ട | ജി 09 കുറ്റൂർ ഗ്രാമ പഞ്ചായത്ത് | 08 ഓതറ | പട്ടികജാതി | 08 ഓതറ |
| 7 | പത്തനംതിട്ട | ജി 06 കന്നന്താനം ഗ്രാമ പഞ്ചായത്ത് | 02 വള്ളോക്കുന്ന് | സ്ത്രീ | 02 വള്ളോക്കുന്ന് |
| 8 | പത്തനംതിട്ട | ജി 36 അരുവാപ്പുലം ഗ്രാമ പഞ്ചായത്ത് | 06 കല്ലേലി | പട്ടികജാതി | 06 കല്ലേലി |
| 9 | പത്തനംതിട്ട | ജി 27 റാന്നി ഗ്രാമ പഞ്ചായത്ത് | 14 ബ്ലോക്ക് പടി | സ്ത്രീ | 14 ബ്ലോക്ക് പടി |
| 10 | കോട്ടയം | ജി 50 മീനടം ഗ്രാമ പഞ്ചായത്ത് | 01 ചീരംകുളം | പട്ടികജാതി | 01 ചീരംകുളം |
| 11 | കോട്ടയം | ഡി 05 കോട്ടയം ജില്ലാ പഞ്ചായത്ത് | 17 തൃക്കൊടിത്താനം | ജനറൽ | ജി 51 മാടപ്പള്ളി ഗ്രാമ പഞ്ചായത്തിലെ 10, 12, 16, 17, 18, 19 എന്നീ വാർഡുകൾ<br><br>ജി 52 പായിപ്പാട് ഗ്രാമ പഞ്ചായത്തിലെ 01, 02, 03, 04, 05, 06, 07, 08, 09, 10, 11, 12, 13, 14, 15, 16, 17 എന്നീ വാർഡുകൾ<br><br>ജി 53 തൃക്കൊടിത്താനം ഗ്രാമ പഞ്ചായത്തിലെ 01, 02, 03, 04, 05, 06, 07, 08, 09, 10, 11, 12, 13, 14, 15, 16, 17, 18, 19, 20, 21, 22 എന്നീ വാർഡുകൾ<br><br>ജി 55 വാഴപ്പള്ളി ഗ്രാമപഞ്ചായത്തിലെ 21, 22 എന്നീ വാർഡുകൾ |
| 12 | കോട്ടയം | ജി 46 പാമ്പാടി ഗ്രാമ പഞ്ചായത്ത് | 10 കുമ്പന്താനം | ജനറൽ | 10 കുമ്പന്താനം |
| 13 | ഇടുക്കി | ജി 43 മുട്ടം ഗ്രാമ പഞ്ചായത്ത് | 09 തുടങ്ങനാട് | സ്ത്രീ | 09 തുടങ്ങനാട് |
| 14 | എറണാകുളം | ജി 04 വടക്കേക്കര ഗ്രാമ പഞ്ചായത്ത് | 09 മടപ്ലാതുരുത്ത് കിഴക്ക് | ജനറൽ | 09 മടപ്ലാതുരുത്ത് കിഴക്ക് |
| 15 | എറണാകുളം | ജി 48 പൂത്യക്ക ഗ്രാമ പഞ്ചായത്ത് | 08 കോലഞ്ചേരി ഈസ്റ്റ് | സ്ത്രീ | 08 കോലഞ്ചേരി ഈസ്റ്റ് |
| 16 | എറണാകുളം | ജി 73 പാറക്കടവ് ഗ്രാമ പഞ്ചായത്ത് | 04 പുളിയനം തെക്ക് | സ്ത്രീ | 04 പുളിയനം തെക്ക് |
| 17 | എറണാകുളം | സി 03 കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ | 19 അയ്യപ്പൻകാവ് | ജനറൽ | 19 അയ്യപ്പൻകാവ് |
| 18 | തൃശ്ശൂർ | ബി 78 വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് | 13 തളി | ജനറൽ | ജി 19 വരവൂർ ഗ്രാമ പഞ്ചായത്തിലെ 12, 13, 14, 15, 16 എന്നീ വാർഡുകൾ<br><br>ജി 15 എരുമപ്പെട്ടി ഗ്രാമ |

| | | | | | |
|---|---|---|---|---|---|
| | | | | | പഞ്ചായത്തിലെ 03-ാം വാർഡ് |
| 19 | തൃശ്ശൂർ | ബി 89 വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് | 01 എടത്തിരിഞ്ഞി | ജനറൽ | ജി 73 പടിയൂർ ഗ്രാമ പഞ്ചായത്തിലെ 01, 02, 03, 04, 13, 14, 15 എന്നീ വാർഡുകൾ |
| 20 | തൃശ്ശൂർ | ജി 43 തളിക്കുളം ഗ്രാമ പഞ്ചായത്ത് | 13 ആര്യംപാടം | ജനറൽ | 13 ആര്യംപാടം |
| 21 | തൃശ്ശൂർ | ജി 21 ചേലക്കര ഗ്രാമ പഞ്ചായത്ത് | 16 കുറുമല കിഴക്കുമുറി | ജനറൽ | 16 കുറുമല കിഴക്കുമുറി |
| 22 | തൃശ്ശൂർ | എം 32 ചാലക്കുടി മുനിസിപ്പാലിറ്റി | 24 മുനിസിപ്പൽ ഓഫീസ് | ജനറൽ | 24 മുനിസിപ്പൽ ഓഫീസ് |
| 23 | പാലക്കാട് | ജി 70 പട്ടഞ്ചേരി ഗ്രാമ പഞ്ചായത്ത് | 09 പറക്കാട്ടുചള്ള | സ്ത്രീ | 09 പറക്കാട്ടുചള്ള |
| 24 | പാലക്കാട് | ഡി 09 പാലക്കാട് ജില്ലാ പഞ്ചായത്ത് | 17 പല്ലശ്ശന | ജനറൽ | ജി 73 എലവഞ്ചേരി ഗ്രാമ പഞ്ചായത്തിലെ 06, 07, 08, 09, 10, 11, 12, 13, 14, 15 എന്നീ വാർഡുകൾ<br><br>ജി 74 പല്ലശ്ശന ഗ്രാമ പഞ്ചായത്തിലെ 01, 02, 03, 04, 05, 06, 07, 08, 09, 10, 14, 15, 16, 17 എന്നീ വാർഡുകൾ<br><br>ജി 75 മേലാർകോട് ഗ്രാമ പഞ്ചായത്തിലെ 01, 02, 03, 04, 05, 06, 07, 08, 09, 10, 11, 12, 13, 14, 15, 16, 17,18 എന്നീ വാർഡുകൾ<br><br>ജി 77 വണ്ടാഴി ഗ്രാമ പഞ്ചായത്തിലെ 01, 02, 03,04, 05, 06, 07, 08, 09, 10, 19, 20 എന്നീ വാർഡുകൾ |
| 25 | പാലക്കാട് | എം 41 ചിറ്റൂർ തത്തമംഗലം മുനിസിപ്പാലിറ്റി | 24 പരുത്തിക്കാവ് | ജനറൽ | 24 പരുത്തിക്കാവ് |
| 26 | പാലക്കാട് | ബി 103 മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് | 14 ഹേമാംബിക നഗർ | സ്ത്രീ | ജി 81 പുതുപ്പരിയാരം ഗ്രാമ പഞ്ചായത്തിലെ 03, 04, 05, 06, 08, 09, 14 എന്നീ വാർഡുകൾ |
| 27 | പാലക്കാട് | ബി 104 ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് | 02 അത്തിപ്പൊറ്റ | സ്ത്രീ | ജി 89 തരൂർ ഗ്രാമ പഞ്ചായത്തിലെ 05, 06, 07, 08, 09, 10, 11, 12, 13, എന്നീ വാർഡുകൾ |
| 28 | പാലക്കാട് | ജി 33 കരിമ്പ ഗ്രാമ പഞ്ചായത്ത് | 13 വെട്ടം | ജനറൽ | 13 വെട്ടം |
| 29 | പാലക്കാട് | ജി 27 ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് | 13 രാഗംകോർണർ | ജനറൽ | 13 രാഗംകോർണർ |
| 30 | മലപ്പുറം | ജി 75 വേങ്ങര ഗ്രാമ പഞ്ചായത്ത് | 03 പൂങ്കുടായ | ജനറൽ | 03 പൂങ്കുടായ |
| | | ജി 56 മങ്കട | | | |

| | | | | | |
|---|---|---|---|---|---|
| 31 | മലപ്പുറം | ഗ്രാമ പഞ്ചായത്ത് | 04 കടന്നമണ്ണ | സ്ത്രീ | 04 കടന്നമണ്ണ |
| 32 | മലപ്പുറം | ജി 95 കാലടി ഗ്രാമ പഞ്ചായത്ത് | 12 വെറ്റൂർ | പട്ടികജാതി | 12 വെറ്റൂർ |
| 33 | മലപ്പുറം | ജി 69 താനാളൂർ ഗ്രാമ പഞ്ചായത്ത് | 01 മൂലക്കൽ | ജനറൽ | 01 മൂലക്കൽ |
| 34 | കോഴിക്കോട് | സി 05 കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ | 59 കുറ്റിച്ചിറ | സ്ത്രീ | 59 കുറ്റിച്ചിറ |
| 35 | കണ്ണൂർ | ജി 47 പെരളശ്ശേരി ഗ്രാമ പഞ്ചായത്ത് | 06 ബാവോഡ് ഈസ്റ്റ് | ജനറൽ | 06 ബാവോഡ് ഈസ്റ്റ് |
| 36 | കണ്ണൂർ | എം 57 മട്ടന്നൂർ മുനിസിപ്പാലിറ്റി | 17 ഉരുവച്ചാൽ | ജനറൽ | 17 ഉരുവച്ചാൽ |
| 37 | വയനാട് | ബി 132 മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് | 08 പള്ളിക്കൽ | പട്ടിക വർഗ്ഗം സ്ത്രീ | ജി 05 എടവക ഗ്രാമ പഞ്ചായത്തിലെ 05, 06, 07, 08, 16, 17, 18 എന്നീ വാർഡുകൾ |
| 38 | കാസർഗോഡ് | ജി 37 പിലിക്കോട് ഗ്രാമ പഞ്ചായത്ത് | 02 പിലിക്കോട് | സ്ത്രീ | 02 പിലിക്കോട് |

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലേയും, കേരള മുനിസിപ്പാലിറ്റി ആക്ടിലേയും, സമ്മതിദായകരുടെ രജിസ്ട്രേഷൻ ചട്ടങ്ങളിലേയും വ്യവസ്ഥകൾക്കും, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി മേൽപ്പറഞ്ഞ വാർഡുകളിലെ/നിയോജകമണ്ഡലങ്ങളിലെ വോട്ടർപട്ടിക പുതുക്കുന്നതിന് അതാത് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരോട് നിർദ്ദേശിക്കുന്നു.

1. വോട്ടർപട്ടിക പുതുക്കുന്ന നടപടി തുടങ്ങും മുൻപ് പ്രസ്തുത നിയോജക മണ്ഡല/വാർഡിലെ പട്ടിക പുതുക്കുന്നതിനെതിരെ എന്തെങ്കിലും കോടതി തീർപ്പുകളോ മറ്റ നിർദ്ദേശങ്ങളോയില്ലെന്ന് ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ/ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്. അതോടൊപ്പം ഉപതിരഞ്ഞെടുപ്പിന് വേണ്ടി മേൽ പട്ടികയിൽ കൊടുത്തിട്ടുള്ള ഒഴിവുവന്ന നിയോജകമണ്ഡല/വാർഡുകളും സംവരണം ഉൾപ്പെടെയുള്ള അവയുടെ മറ്റ വിശദാംശങ്ങളും ശരിയാണെന്ന് ഉറപ്പുവരുത്തണം.
2. വോട്ടർപട്ടിക തയ്യാറാക്കുന്ന കാര്യപരിപാടിക്ക് പ്രാദേശികമായ പ്രചാരണം ലഭിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ടതാണ്. കൂടാതെ ഇക്കാര്യത്തിൽ മതിയായ പ്രചാരണം നൽകുന്നതിനാവശ്യമായ എല്ലാ നടപടികളും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ ജില്ലാ ഇൻഫർമേഷൻ ഓഫീസർ മുഖേന സ്വീകരിക്കേണ്ടതും അത് ഉറപ്പാക്കേണ്ടതുമാണ്.
3. **വോട്ടർപട്ടിക പുതുക്കുന്നതിനുള്ള യോഗ്യതാ തീയതി 01.01.2026 ആണ്.** യോഗ്യതാ തീയതിയായി നിശ്ചയിച്ചിട്ടുള്ള **2026 ജനുവരി 1- ാം** തീയതിയോ **അതിനുമുമ്പോ 18 വയസ് തികഞ്ഞവരെ മാത്രമേ** വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താൻ പാടുള്ളൂ. ഇക്കാര്യം ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ ഉറപ്പാക്കേണ്ടതാണ്.
4. 2025-ലെ പൊതുതിരഞ്ഞെടുപ്പിനുവേണ്ടി ഉപയോഗിച്ച വോട്ടർപട്ടിക അടിസ്ഥാനമാക്കി വേണം കരട് വോട്ടർപട്ടിക തയ്യാറാക്കേണ്ടത്. മട്ടന്നൂർ മുനിസിപ്പാലിറ്റിയിൽ 2022-ലെ പൊതുതിരഞ്ഞെടുപ്പിനോ അതിനുശേഷമുള്ള ഉപതിരഞ്ഞെടുപ്പിനോ ഉപയോഗിച്ച പട്ടിക അടിസ്ഥാനമാക്കണം.

5. നിലവിലുള്ള വോട്ടർപട്ടികയുടെ അടിസ്ഥാനപട്ടികയും സപ്ലിമെന്ററിപട്ടികകളും സംയോജിപ്പിച്ചു കൊണ്ടുള്ള എകീകൃത വോട്ടർപട്ടിക കമ്മീഷന്റെ **www.sec.kerala.gov.in** വെബ് സൈറ്റിൽ ലഭ്യമാണ്. അവയിൽ വോട്ടർമാരുടെ ഫോട്ടോ, ക്രമമായ സീരിയൽ നമ്പർ, നിയോജകമണ്ഡല വിശദാംശങ്ങൾ എന്നിവ ഉൾപ്പെട്ടു വരുന്നുണ്ടെന്നും മറ്റ് അപാകതകൾ ഒന്നുമില്ലെന്നും ഉറപ്പാക്കിവേണം ഡൗൺലോഡ് ചെയ്ത് കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിക്കേണ്ടത്.
6. കരട് വോട്ടർപട്ടികയും അതു സംബന്ധിച്ച 3-ാം നമ്പർ ഫോറത്തിലുള്ള നോട്ടീസും ബന്ധപ്പെട്ട പഞ്ചായത്ത്/നഗരസഭാ ഓഫീസിലും അതാത് ബ്ലോക്ക് ആസ്ഥാനത്തും വില്ലേജാഫീസിലും താലൂക്കാഫീസിലും **21.07.2026 (ചൊവ്വ)**-ൽ പ്രസിദ്ധപ്പെടുത്തണം. ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് നിയോജകമണ്ഡലങ്ങളെ സംബന്ധിച്ച കരട് വോട്ടർ പട്ടിക അതാത് ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് ആസ്ഥാനത്തുംകൂടി പ്രസിദ്ധപ്പെടുത്തേണ്ടതാണ്. അപ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്നുള്ള രേഖ ബന്ധപ്പെട്ട ആഫീസ് തലവൻമാരിൽ നിന്നും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരിൽ നിന്നും വാങ്ങി ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ പ്രസ്തുത സാക്ഷ്യപത്രം അന്നേ ദിവസം തന്നെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് സമർപ്പിക്കണം.
7. കരട് വോട്ടർപട്ടിക പ്രസിദ്ധീകരിച്ചതിനുശേഷം അതിലെ മരണപ്പെട്ടവരുടെ പേരുവിവരം ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ചും അന്വേഷണം നടത്തിയും ഉറപ്പുവരുത്തിയശേഷം അപ്രകാരമുള്ള പേരു വിവരവും മറ്റ് വിശദാംശങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതും അപ്രകാരം പ്രസിദ്ധപ്പെടുത്തി 7(ഏഴ്) ദിവസത്തിനുശേഷം ഇക്കാര്യം സംബന്ധിച്ച് എന്തെങ്കിലും അറിയിപ്പോ അഭിപ്രായമോ ആക്ഷേപമോ ലഭിക്കാത്തപക്ഷം, മരണപ്പെട്ട ആളുടെ പേരു വിവരം, നിലവിലുള്ള വോട്ടർപട്ടികയിൽ നിന്നും തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻ സ്വമേധയാ നീക്കം ചെയ്യേണ്ടതുമാണ്. നടപടിക്രമങ്ങൾ പാലിക്കുകയും രേഖകൾ കൃത്യമായി സൂക്ഷിക്കുകയും ചെയ്യണം.
8. വോട്ടർ പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനുള്ള അവകാശവാദ അപേക്ഷകളും **(ഫാറം 4)** വോട്ടർ പട്ടികയിലെ ഉൾക്കുറിപ്പുകളെ സംബന്ധിച്ച ആക്ഷേപങ്ങളും **(ഫാറം 6)** ഒരു പോളിംഗ് സ്റ്റേഷനിൽ നിന്നും മറ്റൊരു പോളിംഗ് സ്റ്റേഷനിലേയ്ക്കോ ഒരു നിയോജകമണ്ഡല/വാർഡിൽ നിന്നും മറ്റൊരു നിയോജകമണ്ഡല/വാർഡിലേയ്ക്കോ ഉള്ള സ്ഥാനമാറ്റം സംബന്ധിച്ച അപേക്ഷകളും **(ഫാറം 7)** ഓൺലൈനായി വേണം സ്വീകരിയ്ക്കേണ്ടത്. എന്നാൽ പേര് ഒഴിവാക്കുന്നത് സംബന്ധിച്ച **(ഫാറം 5)** ആക്ഷേപങ്ങൾ ഓൺലൈനിൽ രജിസ്റ്റർ ചെയ്ത ശേഷം അവയുടെ പ്രിന്റൗട്ടിൽ ഒപ്പ് രേഖപ്പെടുത്തിയോ അല്ലെങ്കിൽ ഓൺലൈനിൽ രജിസ്റ്റർ ചെയ്യാതെ തന്നെ **ഫാറം 5** പൂരിപ്പിച്ച് ഒപ്പിട്ടോ ആക്ഷേപകർക്ക് നേരിട്ടോ തപാലിലൂടെയോ നിർദ്ദിഷ്ട സമയപരിധിയിൽ സമർപ്പിക്കാവുന്നതാണ്. ഈ വിധം സമർപ്പിക്കപ്പെടുന്ന എല്ലാ ആക്ഷേപങ്ങളിലും തുടർ നടപടി യഥാസമയം സ്വീകരിയ്ക്കേണ്ടതാണ്. ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ തനിക്ക് യഥാവിധി ലഭിക്കുന്ന ഓരോ അവകാശവാദവും ആക്ഷേപവും സംബന്ധിക്കുന്ന വിവരങ്ങൾ അതാത് സംഗതിപോലെ **9, 10, 11** നമ്പർ ഫോറങ്ങളിൽ ഡ്യൂപ്ലിക്കേറ്റായി സൂക്ഷിക്കേണ്ടതും, അത്തരം ലിസ്റ്റുകളുടെ ഓരോ കോപ്പി പ്രസ്തുത ആക്ഷേപങ്ങളിലും അവകാശവാദങ്ങളിലും തീർപ്പ് കൽപിക്കുന്നതുവരെ പഞ്ചായത്തിന്റെ/മുനിസിപ്പാലിറ്റിയുടെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതുമാണ്.
9. മേൽപ്പറഞ്ഞ പ്രകാരം ലഭിക്കുന്ന അപേക്ഷകൾ/ആക്ഷേപങ്ങൾ പരിശോധിച്ച് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ തുടർനടപടി യഥാസമയം സ്വീകരിക്കേണ്ടതാണ്. **ഓൺലൈൻ**

**അപേക്ഷകളിൻമേൽ നടപടി എടുക്കുന്നത് സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.**

10. മുൻ അപ്പീൽ തീരുമാനങ്ങൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടെങ്കിൽ അതുംകൂടി ഉൾപ്പെടുത്തി അന്തിമ വോട്ടർ പട്ടിക **ഫാറം 16-ൽ 19.08.2026(ബുധൻ)** കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ച സ്ഥലങ്ങളിൽ പ്രസിദ്ധീകരിക്കണം. അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന കാര്യം ഉറപ്പ് വരുത്തി അന്നേ ദിവസം തന്നെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ തങ്ങളുടെ പരിധിയിലുള്ള തദ്ദേശസ്ഥാപനങ്ങൾ അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്.
11. **ഉപതിരഞ്ഞെടുപ്പിന്റെ ആവശ്യത്തിലേയ്ക്ക് പ്രവാസി ഭാരതീയരുടെ ഫാറം 4എ അപേക്ഷകൾ ഓൺലൈനായി സ്വീകരിച്ച് അവർക്കുള്ള വോട്ടർപട്ടിക പ്രത്യേകം തയ്യാറാക്കേണ്ടതാണ്. ഇതിലേയ്ക്കുള്ള ഓൺലൈൻ അപേക്ഷകൾ കമ്മീഷന്റെ www.sec.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. നിർദ്ദിഷ്ട തീയതിക്കകം നേരിട്ടോ തപാലിലൂടെയോ ഒപ്പ് രേഖപ്പെടുത്തി ലഭിക്കുന്ന ഓൺലൈൻ അപേക്ഷകളുടെ പകർപ്പുകൾ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ച് തുടർ നടപടി സ്വീകരിച്ച് അന്തിമ പട്ടിക തയ്യാറാക്കേണ്ടതും അവ യഥാവിധി പ്രസിദ്ധീകരിക്കുന്നതിനൊപ്പം ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറുടെ ഔദ്യോഗിക വെബ് സൈറ്റിൽ കൂടി പ്രസിദ്ധീകരിക്കേണ്ടതാണ്.**
12. കരട് വോട്ടർപട്ടികയുടെയും അന്തിമ വോട്ടർപട്ടികയുടെയും അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിച്ചതിന് ശേഷം കൂട്ടിച്ചേർക്കലുകളോ, ഒഴിവാക്കലുകളോ തിരുത്തലുകളോ വരുത്തുകയാണെങ്കിൽ പ്രസ്തുത പട്ടികകളുടേയും രണ്ടു പകർപ്പുകൾ വീതം കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ചിഹ്നം അനുവദിച്ചിട്ടുള്ള ദേശീയ രാഷ്ട്രീയ പാർട്ടികൾക്കും കേരള സംസ്ഥാന രാഷ്ട്രീയ പാർട്ടികൾക്കും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ചിഹ്നം സംവരണം ചെയ്ത് നൽകിയിട്ടുള്ള (Symbol Allotment Order) കക്ഷികൾക്കും സൗജന്യമായി നൽകേണ്ടതാണ്. പ്രസ്തുത വോട്ടർപട്ടികകളുടെ രണ്ടുപ്രതികൾ വീതം കേരള നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികൾക്കും അവർ ആവശ്യപ്പെടുന്ന പക്ഷം സൗജന്യമായി നൽകേണ്ടതാണ്. മറ്റുള്ളവർക്ക് പേജ് ഒന്നിന് രൂപ 3+GST എന്ന നിരക്കിൽ വിലയ്ക്ക് നൽകാവുന്നതാണ്. വോട്ടർപട്ടിക വിതരണം ചെയ്തതിന്റെ രേഖകൾ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ സൂക്ഷിക്കണം.
13. വോട്ടർപട്ടികയുടെ പുതുക്കലുമായി ബന്ധപ്പെട്ട് ലഭിക്കുന്ന എല്ലാ അപേക്ഷകളിലും ആക്ഷേപങ്ങളിലും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ അവരുടെ തീരുമാനങ്ങൾ രേഖപ്പെടുത്തേണ്ടതും പ്രസ്തുത തീരുമാനത്തിന്റെ പകർപ്പ് ബന്ധപ്പെട്ട അപേക്ഷകർക്കും ആക്ഷേപകർക്കും രേഖാമൂലം കൈമാറേണ്ടതും പുതുക്കൽ പ്രക്രിയ ആരംഭിക്കുന്നത് മുതൽ അന്തിമമാക്കുന്നതുവരെയുള്ള നടപടിക്രമങ്ങളുടെ രേഖകൾ ക്രമനമ്പരിട്ട് ഫയലായി സൂക്ഷിച്ചുപോരേണ്ടതും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഏതു സമയത്തുമുള്ള പരിശോധനകൾക്കും അവ വിധേയമാക്കേണ്ടതുമാണ്.
14. പ്രസിദ്ധീകരിക്കുന്നതിനായി ERMS (Electoral Roll Management System) - സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന അന്തിമ വോട്ടർ പട്ടികയിൽ കൂട്ടിചേർക്കലുകൾ, തിരുത്തലുകൾ, ഒഴിവാക്കലുകൾ എന്നീ സപ്ലിമെന്ററി പട്ടികകൾ ജനറേറ്റ് ചെയ്ത് വന്നിട്ടുണ്ടോയെന്നും കൂട്ടിചേർക്കലുകൾക്ക് കരട് പട്ടികയ്ക്കുശേഷമുള്ള തുടർച്ചയായ ക്രമനമ്പറുകൾ വന്നിട്ടുണ്ടോയെന്നും അതോടൊപ്പം, വീട്ടു നമ്പർ, ഫോട്ടോ എന്നിവ ഉൾപ്പെട്ടിട്ടുണ്ടെന്നും എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരും പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.
15. അപേക്ഷകർ, ആക്ഷേപകർ ഉന്നയിച്ചിട്ടുള്ള അവകാശ വാദങ്ങളിലും ആക്ഷേപങ്ങളിലും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ കൈക്കൊള്ളുന്ന ഏതൊരു തീരുമാനത്തിനുമെതിരെ

അതത് തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ (അപ്പലേറ്റ് ആഫീസർ) മുമ്പാകെ അവർക്ക് ചട്ടപ്രകാരം അപ്പീൽ സമർപ്പിക്കാൻ കഴിയുന്നതാണ്.

16. നേരിട്ടുള്ള ഹിയറിംഗിൽ ഹാജരാകാൻ സാധിക്കാത്തവരാണെന്ന് കാണുന്ന പക്ഷം അത്തരം അപേക്ഷകർക്ക് ഉചിതമായ ഓൺലൈൻ മാർഗ്ഗങ്ങൾ മുഖേന ആവശ്യമുള്ളപക്ഷം ഹിയറിംഗ് നടത്തുന്നതിനുള്ള രീതി അവലംബിക്കേണ്ടതും ഇ-മെയിലായോ മറ്റ രീതിയിലോ ലഭ്യമാകുന്ന ഒപ്പ് രേഖപ്പെടുത്തിയ അപേക്ഷകളും രേഖകളും സ്വീകരിച്ച് അപേക്ഷയിലെ നിജസ്ഥിതി ബോധ്യപ്പെട്ട് പട്ടികയിൽ പേരുൾപ്പെടുത്താനുള്ള നടപടികൾ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്.

17. സ്വതന്ത്രവും നീതിപൂർവ്വകവും നിഷ്പക്ഷവുമായ തിരഞ്ഞെടുപ്പ് വോട്ടർപട്ടികയുടെ കൃത്യതയെ ആശ്രയിച്ചിരിക്കുന്നതിനാൽ പട്ടിക പുതുക്കൽ പ്രക്രിയയിൽ നടപടിക്രമങ്ങൾ എല്ലാം പാലിക്കേണ്ടതും അനർഹരായ വോട്ടർമാർ വോട്ടർപട്ടികയിൽ ഉൾപ്പെട്ടിട്ടില്ലായെന്നും അർഹരായ വോട്ടർമാർ ഒഴിവാക്കപ്പെട്ടിട്ടില്ലായെന്നും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്. നിലവിലെ പട്ടികയിലുള്ളവരെ ഒഴിവാക്കുന്ന സംഗതിയിൽ നിർബന്ധമായും അവർക്കു നൽകേണ്ട ഹിയറിംഗ് നടപടികൾ പൂർണ്ണമായും പാലിച്ചിരിക്കണം. ഇക്കാര്യത്തിൽ ഔദ്യോഗിക കർത്തവ്യലംഘനം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 28-ാം വകുപ്പോ, 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 84 എ വകുപ്പോ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

18. <u>കമ്മീഷൻ കാലാകാലങ്ങളിൽ സ്ഥാനാർത്ഥിയാകുന്നതിന് അയോഗ്യത കൽപ്പിച്ചവരിൽ നിലവിൽ അയോഗ്യതയുള്ളവർ മേൽപ്പറഞ്ഞപ്രകാരം തയ്യാറാക്കുന്ന വോട്ടർപട്ടികയിൽ ഉൾപ്പെടുവരുന്നെങ്കിൽ അത്തരം പേരുകൾക്ക് നേരെ പ്രത്യേക അടയാളം (*) രേഖപ്പെടുത്തേണ്ടതും അത്തരം ആളുകളുടെ ലിസ്റ്റ് പ്രത്യേകം തയ്യാറാക്കി അന്തിമപട്ടികയോടൊപ്പം വരണാധികാരിക്ക് നൽകേണ്ടതുമാണ്.</u>

ഈ അറിയിപ്പ് ലഭിച്ചാലുടൻതന്നെ തിരഞ്ഞെടുപ്പ നടക്കുന്ന വാർഡുകളുടെ/നിയോജകമണ്ഡലങ്ങളുടെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ, അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ, അസിസ്റ്റന്റ് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ, തദ്ദേശ സ്വയംഭരണ വകുപ്പിലെ ജില്ലാ ജോയിന്റ് ഡയറക്ടർ എന്നിവരുടെ ഒരു യോഗം കളക്ടറേറ്റിൽ ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ വിളിച്ചുകൂട്ടേണ്ടതും വോട്ടർപട്ടിക പുതുക്കുന്നതിന്റെ നടപടിക്രമങ്ങൾ മുൻകൂർ നിശ്ചയിച്ച് കാര്യപരിപാടി തയ്യാറാക്കേണ്ടതുമാണ്. പ്രസ്തുത യോഗ തീയതി തിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിക്കേണ്ടതും റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

<u>പൊതുസൗകര്യാർത്ഥം ഉപതിരഞ്ഞെടുപ്പിനുവേണ്ടതും നിലവിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതുമായ പോളിംഗ് സ്റ്റേഷനുകൾക്കോ വോട്ടെണ്ണൽ കേന്ദ്രത്തിനോ മാറ്റം ആവശ്യമുണ്ടോയെന്ന കാര്യം പരിശോധിച്ച് അതാവശ്യമെങ്കിൽ രാഷ്ട്രീയ കക്ഷികളുടെ യോഗം സെക്രട്ടറി വരണാധികാരിയെ കൂടി പങ്കെടുപ്പിച്ച് വിളിച്ച് ചേർത്ത് നടപടിക്രമങ്ങൾ പാലിച്ച് അതിനുള്ള ശുപാർശകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള നിർദ്ദിഷ്ട പ്രൊഫോർമ 1, 2 എന്നിവയിൽ ബന്ധപ്പെട്ട രേഖകളും ശുപാശയും സഹിതം ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ 17.08.2026 ന് മുമ്പ് അനുമതിക്കായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് ലഭ്യമാക്കേണ്ടതാണ്.</u>

**<u>വോട്ടർ പട്ടിക പുതുക്കുന്നതിനുള്ള സമയക്രമം</u>**

| | |
|---|---|
| കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിക്കൽ | : **21.07.2026 (ചൊവ്വ)** |
| അപേക്ഷകളും ആക്ഷേപങ്ങളും സ്വീകരിക്കുന്ന അവസാന തീയതി | : **05.08.2026 (ബുധൻ)** |
| ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ തുടർ നടപടി സ്വീകരിച്ച് അപ്ഡേഷൻ പൂർത്തിയാക്കൽ | : **17.08.2026 (തിങ്കൾ)** |
| അന്തിമവോട്ടർ പട്ടിക പ്രസിദ്ധീകരിക്കൽ | : **19.08.2026 (ബുധൻ)** |

വിശ്വസ്തതയോടെ,

Digitally signed by
Sajeev E P
Date: 18-07-2026
11:08:02

Sajeev EP

SECRETARY

പകർപ്പ് :

**ടെക്നിക്കൽ ഡയറക്ടർ, എൻ.ഐ.സി, കേരള സർക്കിൾ,**
(അറിവിലേയ്ക്കും ആവശ്യമായ സാങ്കേതിക സഹായത്തിനുമായി)

**വരണാധികാരി,**
ബി 10 ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് (തിരുവനന്തപുരം)
ബി 11 വർക്കല ബ്ലോക്ക് പഞ്ചായത്ത് (തിരുവനന്തപുരം)
ജി 29 മംഗലപുരം ഗ്രാമ പഞ്ചായത്ത് (തിരുവനന്തപുരം)
ജി 05 തിരുപുറം ഗ്രാമ പഞ്ചായത്ത് (തിരുവനന്തപുരം)
ഡി 01 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് (തിരുവനന്തപുരം)
ജി 09 കുറ്റൂർ ഗ്രാമ പഞ്ചായത്ത് (പത്തനംതിട്ട)
ജി 06 കുന്നന്താനം ഗ്രാമ പഞ്ചായത്ത് (പത്തനംതിട്ട)
ജി 36 അരുവാപ്പുലം ഗ്രാമ പഞ്ചായത്ത് (പത്തനംതിട്ട)
ജി 27 റാന്നി ഗ്രാമ പഞ്ചായത്ത് (പത്തനംതിട്ട)
ജി 50 മീനടം ഗ്രാമ പഞ്ചായത്ത് (കോട്ടയം)
ഡി 05 കോട്ടയം ജില്ലാ പഞ്ചായത്ത് (കോട്ടയം)
ജി 46 പാമ്പാടി ഗ്രാമപഞ്ചായത്ത് (കോട്ടയം)
ജി 43 മുട്ടം ഗ്രാമ പഞ്ചായത്ത് (ഇടുക്കി)
ജി 04 വടക്കേക്കര ഗ്രാമ പഞ്ചായത്ത് (എറണാകുളം)
ജി 48 പൂത്തൃക്ക ഗ്രാമ പഞ്ചായത്ത് (എറണാകുളം)
ജി 73 പാറക്കടവ് ഗ്രാമ പഞ്ചായത്ത് (എറണാകുളം)
സി 03 കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ (എറണാകുളം)
ബി 78 വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് (തൃശ്ശൂർ)
ബി 89 വെള്ളങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് (തൃശ്ശൂർ)

ജി 43 തളിക്കുളം ഗ്രാമ പഞ്ചായത്ത് (തൃശ്ശൂർ)
ജി 21 ചേലക്കര ഗ്രാമ പഞ്ചായത്ത് (തൃശ്ശൂർ)
എം 32 ചാലക്കുടി മുനിസിപ്പാലിറ്റി (തൃശ്ശൂർ)
ജി 70 പട്ടഞ്ചേരി ഗ്രാമ പഞ്ചായത്ത് (പാലക്കാട്)
ഡി 09 പാലക്കാട് ജില്ലാ പഞ്ചായത്ത് (പാലക്കാട്)
എം 41 ചിറ്റൂർ തത്തമംഗലം മുനിസിപ്പാലിറ്റി (പാലക്കാട്)
ബി 103 മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് (പാലക്കാട്)
ബി 104 ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് (പാലക്കാട്)
ജി 33 കരിമ്പ ഗ്രാമ പഞ്ചായത്ത് (പാലക്കാട്)
ജി 27 ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്ത് (പാലക്കാട്)
ജി 75 വേങ്ങര ഗ്രാമ പഞ്ചായത്ത് (മലപ്പുറം)
ജി 56 മങ്കട ഗ്രാമ പഞ്ചായത്ത് (മലപ്പുറം)
ജി 95 കാലടി ഗ്രാമ പഞ്ചായത്ത് (മലപ്പുറം)
ജി 69 താനാളൂർ ഗ്രാമ പഞ്ചായത്ത് (മലപ്പുറം)
സി 05 കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ (കോഴിക്കോട്)
ജി 47 പെരളശ്ശേരി ഗ്രാമ പഞ്ചായത്ത് (കണ്ണൂർ)
എം 57 മട്ടന്നൂർ മുനിസിപ്പാലിറ്റി (കണ്ണൂർ)
ബി 132 മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് (വയനാട്)
ജി 37 പിലിക്കോട് ഗ്രാമ പഞ്ചായത്ത് (കാസർഗോഡ്)

**ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ,**
തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ്.

**തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർമാർ (അപ്പലേറ്റ് ആഫീസർ)**
തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ്.

**അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്,(പേര് വെച്ച കവറിൽ)**
ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം
(ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരുടെ സ്ഥലംമാറ്റം ഒഴിവാക്കുന്നതിനായി).

**പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം**
(ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരുടെ സ്ഥലംമാറ്റം ഒഴിവാക്കുന്നതിനായി)
സെക്രട്ടറി, മുനിസിപ്പൽ കോർപ്പറേഷൻ, കൊച്ചി
സെക്രട്ടറി, മുനിസിപ്പൽ കോർപ്പറേഷൻ, കോഴിക്കോട്
സെക്രട്ടറി, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്
സെക്രട്ടറി, കോട്ടയം ജില്ലാ പഞ്ചായത്ത്
സെക്രട്ടറി, പാലക്കാട് ജില്ലാ പഞ്ചായത്ത്
സെക്രട്ടറി, ചിറയിൻകീഴ് ബ്ലോക്ക്പഞ്ചായത്ത്, തിരുവനന്തപുരം
സെക്രട്ടറി, വർക്കല ബ്ലോക്ക്പഞ്ചായത്ത്, തിരുവനന്തപുരം
സെക്രട്ടറി, വടക്കാഞ്ചേരി ബ്ലോക്ക്പഞ്ചായത്ത്, തൃശ്ശൂർ
സെക്രട്ടറി, വെള്ളാങ്ങല്ലൂർ ബ്ലോക്ക്പഞ്ചായത്ത്, തൃശ്ശൂർ

സെക്രട്ടറി, മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത്, പാലക്കാട്
സെക്രട്ടറി, ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത്, പാലക്കാട്
സെക്രട്ടറി, മാനന്തവാടി ബ്ലോക്ക്പഞ്ചായത്ത്, വയനാട്

കമ്മീഷനിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും
(അറിവിലേക്കും തുടർനടപടികൾക്കുമായി)
പി.ആർ.ഒ., സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ( വാർത്താക്കുറിപ്പ് നൽകുന്നതിനായി)
കമ്പ്യൂട്ടർ പ്രോഗ്രാമർ/ ഡാറ്റാ എൻട്രി ഓപ്പറേറ്റർ (ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് ഓൺലൈൻ സൗകര്യം ഏർപ്പെടുത്തുന്നതിനായി)
കമ്മീഷണറുടെ പി.എസ്.
കമ്മീഷണറുടെ സി.എ.
സെക്രട്ടറിയുടെ സി.എ.
ഫയൽ/സ്റ്റോക്ക് ഫയൽ
സ്റ്റാന്റിംഗ് കൗൺസിൽ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ